**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2019

## കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം അപേക്ഷകൾ ക്ഷണിച്ചു.

1. **സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ താഴെ കൊടുത്തിരിക്കുന്ന ഡിഗ്രി കോഴ്സുകളിലേക്ക് 2019–20 വർഷത്തെ പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.**

| | | | |
|---|---|---|---|
| A | മെഡിക്കൽ കോഴ്സുകൾ** | | (1)എം.ബി.ബി.എസ്., (2)ബി.ഡി.എസ്., (3) ബി.എച്ച്.എം.എസ് (ഹോമിയോ) (4).ബി.എ.എം.എസ്.(ആയുർവേദ) (5).ബി.എസ്.എം.എസ്(സിദ്ധ), (6)ബി.യു.എം.എസ്. (യുനാനി) |
| B | അനുബന്ധകോഴ്സുകൾ ** | (1) | ബി.എസ്.സി.(ഓണേഴ്സ് ) അഗ്രികൾച്ചർ, |
| | | (2) | ബി.എസ്.സി.(ഓണേഴ്സ് ) ഫോറസ്ട്രി |
| | | (3) | വെറ്ററിനറി(ബി.വി.എസ്.സി. & എ.എച്ച്) |
| | | (4) | ഫിഷറീസ് (ബി.എഫ്.എസ്.സി.) |
| C | എഞ്ചിനീയറിംഗ് കോഴ്സുകൾ | | ബി.ടെക് ഡിഗ്രി കോഴ്സുകൾ(കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ബി.ടെക് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ്, ബി.ടെക് ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി എന്നീ കോഴ്സുകൾ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കിഴിലുള്ള ബി.ടെക് ഡയറി ടെക്നോളജി, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് ഫുഡ് ടെക്നോളജി കോഴ്സ് ഉൾപ്പെടെ) |
| D | ആർക്കിടെക്ച്ചർ കോഴ്സുകൾ | | ബി. ആർക്ക് (പ്രവേശന പരിക്ഷ ഇല്ല. യോഗ്യതാപരീക്ഷയുടെ മാർക്ക്/ഗ്രേഡിനും NATA സ്കോറിനും തുല്യ പ്രാധാന്യം നൽകി തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. ) |
| E | ഫാർമസി കോഴ്സ് | | ബി.ഫാം. |

**** (മെഡിക്കൽ/അനുബന്ധ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കുന്നവർ NEET UG –2019–ന് അപേക്ഷിച്ചവരായിരിക്കണം)**

2. **<u>അപേക്ഷ സമർപ്പിക്കേണ്ട വിധം:</u> മേൽപ്പറഞ്ഞ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാകമ്മീഷണറുടെ www.cee.kerala.gov.in എന്ന** വെബ്സൈറ്റ് മുഖേന 2019 ഫെബ്രുവരി 3 മുതൽ ഫെബ്രുവരി 28 വരെയുള്ള തീയതികളിൽ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്. ടി രേഖകൾ 31.03.2019 വരെ ഓൺലൈനായി അപ്ലോഡ് ചെയ്യുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. അപേക്ഷയും അനുബന്ധരേഖകളും മുൻവർഷങ്ങളിലേതുപോലെ തപാൽ മാർഗം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല. അപേക്ഷകൻ ഏതെങ്കിലും ഒരു കോഴ്സിനോ/ എല്ലാ കോഴ്സുകളിലേയ്ക്കുമോ ഉള്ള പ്രവേശനത്തിന് ഒരു ഓൺലൈൻ അപേക്ഷ മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.

**കുറിപ്പ്–** എഞ്ചിനീയറിംഗ് പ്രവേശനത്തിന് മാത്രമാണ് സംസ്ഥാന പ്രവേശന പരീക്ഷാകമ്മീഷണർ പ്രവേശന പരീക്ഷാ നടത്തുന്നത്. എന്നാൽ, ബിഫാം കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ പേപ്പർ–1 (ഫിസിക്സ് & കെമിസ്ട്രി) എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. ബി.ആർക്ക്. കോഴ്സിലേക്കും മെഡിക്കൽ/ അനുബന്ധ കോഴ്സു

കളിലേയ്ക്കും പ്രവേശനത്തിനായി സംസ്ഥാനതലത്തിൽ പ്രത്യേകം പ്രവേശന പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ബി. ആർക്ക് കോഴ്സിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൗൺസിൽ ഓഫ് ആർക്കിടെക്ചർ (COA) ദേശീയതലത്തിൽ നടത്തുന്ന 'National Aptitude Test in Architecture' (NATA) പരീക്ഷയെഴുതി 10.06.2019-ന് മുമ്പായി നിശ്ചിത യോഗ്യത നേടിയിരിക്കണം. മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ National Testing Agency (NTA) ദേശീയതലത്തിൽ നടത്തുന്ന നാഷണൽ എലിജിബിലിറ്റി കം-എൻട്രൻസ് ടെസ്റ്റ് (NEET-UG) 2019 പരീക്ഷയെഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. പ്രോസ്പെക്ടസ് ക്ലോസ് 9.7.5 കാണുക.

3. <u>പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:</u>

1. നേറ്റിവിറ്റി- അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin(PIO) /Overseas Citizen of India(OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇന്ത്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. എന്നാൽ PIO/ OCI അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല. പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് കേരളീയൻ (Keralite) കേരളീയേതരൻ I-ാം വിഭാഗം (NK-I), കേരളീയേതരൻ II-ാം വിഭാഗം (NK-II), എന്നിങ്ങനെ തരംതിരിക്കുന്നതാണ്.

**(A)** **കേരളീയൻ:** അപേക്ഷകനോ, മാതാപിതാക്കളിലാരെങ്കിലോ കേരളത്തിൽ ജനിച്ചതാണെങ്കിൽ അപേക്ഷകനെ 'കേരളീയൻ' ആയി കണക്കാക്കും. അതിനായി നിശ്ചിത സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 6.1 കാണുക.)'കേരളീയൻ' വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് വിവിധ സാമുദായിക/പ്രത്യേക /ശാരീരിക അവശതയുള്ളവർക്കുള്ള സംവരണാനുകൂല്യങ്ങളും ഫീസ് ഇളവുകളും ലഭ്യമാകുക.

കേരളീയരല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ (എ.ഐ.എസ്) മക്കളെയും കേരളീയരായി പരിഗണിക്കുന്നതാണ്. അത്തരം വിദ്യാർത്ഥികൾ രക്ഷിതാവ് കേരള കേഡറിൽ ജോലി ചെയ്യുന്ന എ.ഐ.എസ്. ഉദ്യോഗസ്ഥരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന സർക്കാർ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് അഫേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. എന്നാൽ ഇവർക്ക് സംവരണാനുകൂല്യങ്ങളോ, ഫീസ് ഇളവുകളോ ലഭ്യമാകുന്നതല്ല.

**(B)** **കേരളീയേതരൻ I-ാം വിഭാഗം:** കേരളത്തിൽ അല്ല ജനിച്ചതെങ്കിലും താഴെപ്പറയുന്ന വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്ന് പാലിക്കുന്നുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളെ കേരളീയേതരൻ I-ാം വിഭാഗം ആയി കണക്കാക്കുന്നതാണ്.

(a). കേരളത്തിൽ ജോലിക്ക് നിയോഗിക്കപ്പെട്ട കേരളീയരല്ലാത്ത ഇന്ത്യാ ഗവൺമെന്റ് ജീവനക്കാരുടെയും പ്രതിരോധ വകുപ്പ് ജീവനക്കാരുടെയും മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

(b) കേരളത്തിലോ അല്ലെങ്കിൽ കേരള സംസ്ഥാനത്തിനു വേണ്ടിയോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും സേവനമനുഷ്ഠിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കു വിധേയമായി കേരള സർക്കാരിനു കീഴിൽ ജോലി നോക്കുന്ന കേരളീയരല്ലാത്ത മാതാപിതാക്കളുടെ മക്കൾ, അവർ യോഗ്യതാ പരീക്ഷ കേരളത്തിൽ പഠിച്ചവരായിരിക്കണം.

(c) പന്ത്രണ്ട് വർഷത്തെ പഠനകാലയളവിൽ അഞ്ച് വർഷക്കാലം കേരളത്തിൽ താമസിച്ചിട്ടുള്ള കേരളീയരല്ലാത്ത അപേക്ഷകർ.

(d) കേരളത്തിലെ സ്കൂളുകളിൽ VIII മുതൽ XII വരെ ക്ലാസ്സുകൾ പഠിച്ചിട്ടുള്ള കേരളീയരല്ലാത്ത അപേക്ഷകർ.

കേരളീയേതരൻ I-ാം വിഭാഗം അപേക്ഷകർ ആയത് തെളിയിക്കുന്നതിനുള്ള രേഖ ഓൺലൈനായി അപ് ലോഡ് ചെയ്യേണ്ടതാണ്. കേരളീയേതരൻ I-ാം വിഭാഗം അപേക്ഷാർത്ഥികളെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ 'സ്റ്റേറ്റ് മെരിറ്റ്' സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതാണ്. സാമുദായിക/ പ്രത്യേക/ശാരീരിക അവശതവിഭാഗ സംവരണത്തിനോ, ഫീസിളവുകൾക്കോ ഇവർക്ക് അർഹതയില്ല.

**(C)** **കേരളീയേതരൻ - II-ാം വിഭാഗം:** കേരളീയൻ, കേരളീയതരൻ I-ാം വിഭാഗം എന്നീ വിഭാഗങ്ങളിൽപെടാത്ത അപേക്ഷാർത്ഥികളെ കേരളീയേതരൻ II-ാം വിഭാഗം ആയി തരംതിരിക്കും. ഇത്തരം അപേക്ഷാർത്ഥികൾക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ

എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്കും മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് കേരളീയൻ, കേരളീയേതരൻ I–ാം വിഭാഗം എന്നിവയിൽപെട്ട അപേക്ഷകരുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ II–ാം വിഭാഗത്തെ പരിഗണിക്കുകയുള്ളൂ. കൂടാതെ കേരളീയേതരൻ II–ാം അപേക്ഷാർത്ഥികൾക്ക് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ ഗവൺമെന്റ് സീറ്റുകളിലേയ്ക്കും മാനേജുമെന്റ് സീറ്റുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. കേരളീയേതരൻ II–ാം വിഭാഗം അപേക്ഷാർത്ഥികൾ സ്വകാര്യ സ്വശ്രയ ഫാർമസി കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിലെ പരമാവധി 10% സീറ്റുകളിൽ പ്രവേശനത്തിന് അർഹരാണ്. എന്നാൽ സാമുദായികം/പ്രത്യേക ശാരീരിക അവശത വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കോ ഇവർക്ക് അർഹതയില്ല. കേരളീയേതരൻ II–ാം വിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലും, സർക്കാർ എഞ്ചിനീയറിംഗ് കോഴ്സുകളിലും പ്രവേശനത്തിന് അർഹതയില്ല.

**II. വിദ്യാഭ്യാസ യോഗ്യത:**

**(a) മെഡിക്കൽ അനുബന്ധ കോഴ്സുകൾ:**

(i) MBBS,BDS,BSMS എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ, തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജി/ബയോടെക്നോളജിക്ക് മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോളജി പഠിച്ചിട്ടില്ലെങ്കിൽ ബയോടെക്നോളജി വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി/ബയോടെക്നോളജി എന്നീ വിഷയങ്ങളിൽ പ്രത്യേകം ജയിച്ചിരിക്കണം.

(ii) BAMS,BHMS എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ, തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോടെക്നോളജി യോഗ്യതവിഷയമായി അംഗീകരിച്ചിട്ടില്ല. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ പ്രത്യേകം ജയിച്ചിരിക്കണം.

(iii) BUMS കോഴ്സുകളിലേയ്ക്കുള്ള കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ, തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ പ്രത്യേകം ജയിച്ചിരിക്കണം. കൂടാതെ (a) വിദ്യാർത്ഥി പത്താം ക്ലാസിൽ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിൽ ഏതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചവരോ അല്ലെങ്കിൽ സർക്കാർ അംഗീകൃത സൊസൈറ്റി/ബോർഡ്/യൂണിവേഴ്സിറ്റി നടത്തുന്ന ഉറുദു പരീക്ഷ ജയിച്ചവരോ ആയിരിക്കണം. അല്ലെങ്കിൽ (b) ഒരു വർഷം ദൈർഘ്യമുള്ള പ്രീ–ടിബ് പരീക്ഷ ജയിച്ചിരിക്കണം.

(iv) അഗ്രിക്കൾച്ചർ, ഫിഷറീസ് കോഴ്സുകളിലേയ്ക്കുള്ള ((BSc. (Hons.)Agri.,BSc. (Hons.) Forestry, BFSc.) പ്രവേശനത്തിന് കേരള ഹയർസെക്കന്ററി ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ, തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. ബയോടെക്നോളജി യോഗ്യത വിഷയമായി അംഗീകരിച്ചിട്ടില്ല.

(v) BVSc & AH കോഴ്സിന് പ്രവേശനം നേടുന്നതിന് അപേക്ഷകർ മുകളിൽ പറഞ്ഞിട്ടുള്ള നിബന്ധനയ്ക്ക് പുറമെ യോഗ്യതാ പരീക്ഷയിൽ ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളിൽ മൊത്തം 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിരിക്കണം. പ്രോസ്പെക്ടസ് ക്ലോസ് 6.2.5–ൽ പരാമർശിക്കുന്ന ഇളവുകൾ അനുവദനീയമാണ്.

(vi) **ബി.എസ്.സി ഡിഗ്രി യോഗ്യതയുള്ളവർ:** ഫിസിക്സും കെമിസ്ട്രിയും ബയോളജിയും ഐച്ഛിക വിഷയങ്ങളായി കേരള പ്രീഡിഗ്രി, ഹയർസെക്കന്ററി അല്ലെങ്കിൽ തത്തുല്യമെന്ന്

അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പരീക്ഷകൾ പാസ്സായിരിക്കണം എന്ന നിബന്ധനയ്ക്കു വിധേയമായി, മുഖ്യ വിഷയത്തിനും ഉപവിഷയങ്ങൾക്കും മൊത്തത്തിൽ 50% മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി അല്ലെങ്കിൽ ബയോടെക്നോളജി മുഖ്യ വിഷയമായും ഇവയിൽ ഒന്നോ രണ്ടോ എണ്ണം ഉപവിഷയമായും എടുത്ത് ബി.എസ്.സി ഡിഗ്രി (ത്രിവത്സര കോഴ്സ്) പാസ്സായ അപേക്ഷകർക്ക് MBBS, BDS, BAMS, BHMS, BSMS കോഴ്സുകളിൽ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.

(b) **<u>എഞ്ചിനീയറിംഗ് കോഴ്സുകൾ:</u>**

(കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് (അഗ്രി. എഞ്ചിനീയറിംഗ്), ബി.ടെക് (ഫുഡ് എഞ്ചിനീയറിംഗ് & ടെക്നോളജി), കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് (ഡയറി ടെക്നോളജി), ബി.ടെക് (ഫുഡ് ടെക്നോളജി), കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് (ഫുഡ് ടെക്നോളജി) കോഴ്സുകൾ ഉൾപ്പെടെ).

**(i)** കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ, മാത്തമാറ്റിക്സിനു മാത്രം 50 ശതമാനവും മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിന് അർഹരാണ്. എന്നാൽ സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45 ശതമാനം മാർക്ക് മതിയാകും. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കംപ്യൂട്ടർ സയൻസിന്റെയും, കെമിസ്ട്രിയും കംപ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക് ബയോടെക്നോളജിയുടെയും, കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടെയും മാർക്ക് പരിഗണിക്കുന്നതാണ്.

**<u>കുറിപ്പ്:-(a)</u>** രണ്ടു വർഷത്തെ കേരള ഹയർസെക്കന്ററി കോഴ്സിലോ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള മറ്റു രണ്ട് വർഷ കോഴ്സുകളിലോ അതാത് വിഷയങ്ങളിൽ ഓരോന്നിനും രണ്ടു വർഷത്തിനും കൂടി ഹയർസെക്കന്ററി ബോർഡ് നൽകിയിട്ടുള്ള മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കു വേണ്ടി പരിഗണിക്കുന്നത്.

**(b)** അവസാന വർഷം (12-ാം ക്ലാസ്) മാത്രം ബോർഡ് എക്സാമിനേഷൻ നടത്തുന്ന ഹയർസെക്കന്ററി കോഴ്സുകളിൽ അതത് വിഷയത്തിന് ഹയർസെക്കന്ററി ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള മാർക്കുകൾ ആയിരിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കായി പരിഗണിക്കുന്നത്.

(c) മറ്റെല്ലാത്തരം ഹയർസെക്കന്ററി കോഴ്സുകൾക്കും അതാത് പരീക്ഷാ ബോർഡുകൾ നൽകുന്ന മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അതത് വിഷയങ്ങളുടെ മാർക്കുകൾ വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കും.

(ii) മാത്തമാറ്റിക്സ് അഥവാ ബയോളജിക്ക് പ്രത്യേകമായി 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്/ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50% മാർക്കും നേടി ഹയർസെക്കന്ററിയോ തത്തുല്യമായ പരീക്ഷയോ ജയിച്ചവർക്ക് ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിൽ ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് സംവരണം ചെയ്ത സീറ്റുകളിലെ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും.

കേരള വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷ, കേരളത്തിലെ ഹയർസെക്കന്ററിക്ക് പരീക്ഷയ്ക്ക് തുല്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്...

**<u>(c) ആർക്കിടെക്ചർ കോഴ്സ്:</u>**

(i) ബി.ആർക്ക് കോഴ്സിനുള്ള കുറഞ്ഞ യോഗ്യത: മാത്തമാറ്റിക് ഒരു വിഷയമായെടുത്ത് മൊത്തത്തിൽ 50% മാർക്കോടെ 10+2 സ്കീമിലുള്ള സീനിയർ സെക്കന്ററി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. **അല്ലെങ്കിൽ** കേന്ദ്രസർക്കാർ/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ട്രീമിലുള്ള മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിട്ടുള്ള 10+3 ഡിപ്ലോമയിൽ മൊത്തത്തിൽ 50% മാർക്കോടെ പാസ്സായിരിക്കണം **അല്ലെങ്കിൽ** പത്ത് വർഷ സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മാത്തമാറ്റിക്സ് ഒരു നിർബന്ധ വിഷയമായി പഠിച്ച് മൊത്തത്തിൽ 50% മാർക്കോടെ പാസ്സായ ഇന്റർനാഷണൽ ബക്കാലാറേറ്റ് ഡിപ്ലോമ.

(ii) മുകളിൽ പറയുന്ന നിബന്ധനയ്ക്ക് പുറമേ, അപേക്ഷാർത്ഥികൾ NATA (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ)-യിൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നിബന്ധ പ്രകാരമുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം. സാമുദായിക സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് NATA യോഗ്യത മാനദണ്ഡത്തിൽ ഇളവുണ്ടായിരിക്കുന്നതല്ല. വിദ്യാർത്ഥികൾ 10.06.2019-ന് മുമ്പായി NATA യോഗ്യത നേടിയിരിക്കേണ്ടതാണ്.

**(d) <u>ബി.ഫാം കോഴ്സ്:</u>**

ബി.ഫാം കോഴ്സ്: - കേരള ഹയർസെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർസെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജി/മാത്തമാറ്റിക്സിന് മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമാറ്റിക്സ് എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്.

(III) **യോഗ്യതാ പരീക്ഷയിലെ മാർക്കിൽ ഇളവ്:** സാമൂഹികവും വിദ്യാഭ്യാസ പരവുമായി പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് എല്ലാ കോഴ്സുകളിലേയ്ക്കും 5 ശതമാനം മാർക്കിളവ് അനുവദിക്കുന്നതാണ്. അതായത്, ബയോളജി/മാത്തമാറ്റിക്സിന് 45 ശതമാനവും, ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനവും, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷ ജയിച്ചാൽ മാത്രം മതിയാകും. SC/ST വിഭാഗം വിദ്യാർത്ഥികളെ MBBS/BDS കോഴ്സുകളിലേയ്ക്ക് പരിഗണിക്കണമെങ്കിൽ യോഗ്യതാ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ ഐച്ഛിക വിഷയങ്ങളിൽ മൊത്തത്തിൽ 40% മാർക്ക് നേടിയിരിക്കണം. പ്രോസ്പെക്ടസ് ക്ലോസ് 5.3 പ്രകാരമുള്ള ശാരീരിക വൈകല്യമുള്ള വിഭാഗങ്ങളെ MBBS/BDS കോഴ്സുകൾക്ക് പരിഗണിക്കാൻ യോഗ്യതാ പരീക്ഷയിൽ ബയോളജിക്ക് 45 ശതമാനവും ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനവും മാർക്ക് നേടിയിരിക്കണം (മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ/ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശ പ്രകാരം). ശാരീരിക വൈകല്യമുള്ള വിഭാഗങ്ങൾക്ക് എഞ്ചിനീയറിംഗ് കോഴ്സിനും, മെഡിക്കൽ/അനുബന്ധ കോഴ്സുകൾക്കും യോഗ്യതാ പരീക്ഷയിൽ 5% മാർക്കിളവ് അനുവദിക്കുന്നതാണ്. എന്നാൽ സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് ഈ ഇളവുകൾ ബാധകമായിരിക്കില്ല. OEC അപേക്ഷകർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നല്കിയാലും യോഗ്യതാ പരീക്ഷയിൽ SEBC അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളൂ.

(IV) **വയസ്സ്:** അപേക്ഷകന് 31.02.2019-ൽ 17 (പതിനേഴ്) വയസ്സ് പൂർത്തിയായിരിക്കണം. കുറഞ്ഞ പ്രായപരിധിയിൽ ഇളവ് ഇല്ല. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ബി.ഫാം കോഴ്സുകൾക്ക് ഉയർന്ന പ്രായപരിധി ഇല്ല. മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലെ ഉയർന്ന പ്രായപരിധി NEET UG-2019 ഇൻഫർമേഷൻ ബുള്ളറ്റിനിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കും. അപേക്ഷകന്റെ ജനനതീയതി തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ തീയതിയും സമയവും:** 2019-ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങൾ. ന്യൂഡെൽഹി, മുംബൈ, ദുബായ് (യു.എ.ഇ) എന്നിവിടങ്ങളിൽ വച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം അനുസരിച്ച് നടത്തുന്നതായിരിക്കും.

| എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ | | | | |
|---|---|---|---|---|
| 22.04.2019 | തിങ്കൾ | 10.00 am - 12.30 pm | പേപ്പർ I | ഫിസിക്സ് & കെമിസ്ട്രി |
| 23.04.2019 | ചൊവ്വ | 10.00 am - 12.30 pm | പേപ്പർ II | മാത്തമാറ്റിക്സ |

<u>**കുറിപ്പ്:**</u> ബി.ഫാം കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ I (ഫിസിക്സ് & കെമിസ്ട്രി) എഴുതേണ്ടതാണ്.

(5) **അപേക്ഷാ ഫീസ്:**

| ക്രമ.നം. | കോഴ്സുകൾ | ജനറൽ | എസ്.സി |
|---|---|---|---|
| (a) | എഞ്ചിനീയറിംഗ് മാത്രം/ബി.ഫാം മാത്രം/രണ്ടും കൂടി | 700 | 300 |
| (b) | ആർക്കിടെക്ചർ മാത്രം/ മെഡിക്കൽ & അനുബന്ധം മാത്രം/ രണ്ടും കൂടി | 500 | 200 |
| (c) | (a) & (b) | 900 | 400 |

**എസ്.ടി വിഭാഗം പരീക്ഷാർത്ഥികൾക്ക് അപേക്ഷാ ഫീസ് ഇല്ല.**

(എ) താഴെ പറയുന്ന രണ്ടു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 7.3.1 കാണുക)

(i) ഓൺലൈൻ പേമെന്റ്: (വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ കാണുക)

(ii) ഇ-ചലാൻ: ഓൺലൈൻ അപേക്ഷ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ-ചലാൻ പ്രിന്റൗട്ട് ഉപയോഗിച്ച് കേരളത്തിലെ തിരഞ്ഞെടുത്ത പോസ്റ്റോഫീസുകളിൽ പണമായി അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്.

**കുറിപ്പ്:-** ഒടുക്കിയ അപേക്ഷാ ഫീസ് ഒരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

(ബി) ദുബായ് പരീക്ഷാസെന്ററായി തെരഞ്ഞെടുത്തിട്ടുള്ളവർ: എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ സെന്ററായി ദുബായ് തെരഞ്ഞെടുത്തിട്ടുള്ള അപേക്ഷകർ, അപേക്ഷാ ഫീസിനു പുറമെ അധിക ഫീസായി 12,000/-രൂപ കൂടി ഓൺലൈനായി ഒടുക്കിയിരിക്കണം. കേരളത്തിലാണ് പേയ്മെന്റ് നടത്തുന്നതെങ്കിൽ ഇ-ചലാൻ മുഖേനെയും സെന്റർ ഫീസ് ഒടുക്കാവുന്നതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 7.2.2 കാണുക)

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം അനുസരിച്ചായിരിക്കും പരീക്ഷാ സമയം ക്രമീകരിച്ചിട്ടുള്ളത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

6. **ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയും സമയവും** : ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 28.02.2019 വൈകുന്നേരം 5 മണി വരെയാണ്. സർട്ടിഫിക്കറ്റ്/അനുബന്ധരേഖകൾ 31.03.2019-നകം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. നാറ്റിവിറ്റി തെളിയിക്കുന്ന രേഖയും ജനനതീയതി തെളിയിക്കുന്ന രേഖയും 28.02.2019-ന് മുമ്പ് നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൺഫർമേഷൻ പേജിന്റെ പകർപ്പോ മറ്റ് രേഖകളോ തപാൽ മുഖേനെയോ/നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതില്ല.

7. **സാമുദായിക സംവരണം/പ്രത്യേക സംവരണം മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

(എ) സാമൂഹികവും, വിദ്യാഭ്യാസ പരവുമായും പിന്നാക്കം നില്ക്കുന്ന വിഭാഗക്കാരും (എസ്.ഇ.ബി.സി), മറ്റർഹ സമുദായത്തിൽപ്പെട്ട (ഒ.ഇ.സി) വിദ്യാർത്ഥികളും നിശ്ചിത മാതൃകയിലുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. നോൺക്രീമിലെയർ വിഭാഗത്തിൽ ഉൾപ്പെടാത്ത ഒ.ഇ.സി അപേക്ഷകർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കു വേണ്ടി വില്ലേജ് ഓഫീസർ നല്കുന്ന ജാതി സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ബി) എസ്.സി/എസ്.ടി വിഭാഗക്കാർ ജാതി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്ന് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(സി) പ്രോസ്പെക്ടസ് അനക്ഷർ X(a)-ൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളിൽപെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട് വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ സംവരണാനുകൂല്യങ്ങൾക്കായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ ഫീസാനുകൂല്യങ്ങൾക്കായി വരുമാന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ഡി) മിശ്രവിവാഹിതരുടെ മക്കൾക്ക് എസ്.ഇ.ബി.സി/ഒ.ഇ.സി സംവരണം ആവശ്യമുള്ള പക്ഷം അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ മിശ്രവിവാഹിതരിൽ ഒരാൾ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട യാളാണെങ്കിൽ അവരുടെ മക്കൾക്ക് എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്രവിവാഹ സർട്ടിഫിക്കറ്റ് വാങ്ങി ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ഇ) ക്ലോസ് 5.2 പ്രകാരം ഏതെങ്കിലും പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 5.2 കാണുക).

(എഫ്) എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർ ഒഴികെയുള്ള മറ്റ് വിഭാഗക്കാർ (ജനറൽ കാറ്റഗറി ഉൾപ്പെടെ) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസാനുകൂല്യങ്ങൾ/സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ജി) ശാരീരിക വൈകല്യമുള്ളവർക്കുള്ള സംവരണം ആവശ്യമുള്ളവർ ജില്ലാ മെഡിക്കൽ ബോർഡ് നൽകിയ ശാരീരിക വൈകല്യത്തിന്റെ തോത് സൂചിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതില്ല. എന്നാൽ ടി വിദ്യാർത്ഥികൾ സർക്കാർ നിയോഗിച്ച സംസ്ഥാനതല കമ്മിറ്റിയ്ക്കു മുമ്പിൽ നേരിട്ട് ഹാജരാകുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (ക്ലോസ് 5.3 കാണുക).

10. നിർബന്ധമായി സമർപ്പിക്കേണ്ട വിവരങ്ങളും രേഖകളും ഓൺലൈനായി അപ്‌ലോഡ് ചെയ്യാത്തവരുടെ അപേക്ഷ നിരസിക്കുന്നതാണ്.

**റവന്യൂ അധികാരികൾ നൽകുന്ന ഇ-ഡിസ്ട്രിക്റ്റ് മുഖേനെയുള്ള സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്**

11. **അഡ്മിറ്റ് കാർഡ്:** എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ 10.04.2019 മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡ് പരീക്ഷാ ദിവസം പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടതാണ്. അഡ്മിറ്റ് കാർഡുകൾ തപാൽ മുഖാന്തിരം അയയക്കുന്നതല്ല.

12. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയും വിവിധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

2019-ലെ സംസ്ഥാന പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് പ്രോസ്പെക്ടസിലെ വിവിധവ്യവസ്ഥകൾ അപേക്ഷകർ വായിച്ച് മനസിലാക്കേണ്ടതാണ്..

* പ്രവേശന പരീക്ഷയെയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽപറഞ്ഞ വെബ്സൈറ്റുകൾ അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്.

| |
|---|
| ഓൺലൈൻ അപേക്ഷ സമർപ്പണത്തിന് ഇന്റർനെറ്റ് സൗകര്യമുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ ജില്ലകൾ തോറും സജ്ജമാണ്. ഇവയുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പണവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒൺലൈൻ അപേക്ഷ സമർപ്പണത്തിന് സഹായമാകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ വെബ്സൈറ്റിലും ലഭ്യമാണ്. |

**ഹെൽപ്പ് ലൈൻ നമ്പരുകൾ 0471 – 2339101, 2339102, 2339103, 2339104, 233123 ഈ നമ്പരുകൾ 03.02.2019 മുതൽ 31.03.2019 വരെ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണി വരെ പ്രവർത്തിക്കുന്നതാണ്.**

| സിറ്റിസൺസ് കോൾ സെന്റർ വിളിക്കേണ്ട നമ്പർ | ബി.എസ്.എൻ.എൽ നെറ്റ് വർക്കിൽ നിന്നും | മറ്റ് നെറ്റുവർക്കുകളിൽ നിന്നും |
|---|---|---|
| | ലാൻഡ്‌ലൈനിൽ നിന്ന് – 155300<br>മൊബൈൽ ഫോണിൽ നിന്ന് – 0471 – 155300 | 0471 – 2115054, 2115098, 2335523 |
| ദേശീയ അവധി ദിവസങ്ങളൊഴികെ 24 മണിക്കൂറും കോൾ സെന്റർ സേവനം ലഭ്യമാണ്. | | |

തിരുവനന്തപുരം
02.02.2019

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർ**